LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 17.61 കി. മീറ്റർ നീളമുള്ള വടകര-മാഹി കനാലിൽ 5 റീച്ചുകളിലായാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. ഇതിൽ ഒന്നാമത്തെ റീച്ചിൽ നബാർഡ്-ആർ.ഐ.ഡി.എഫ്-XVII-ൽ ഉൾപ്പെടുത്തി 23 കോടി രൂപയും അടുത്ത മൂന്ന് റീച്ചുകൾക്ക് 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 70 കോടി രൂപയും (22+28+20) 5-ാമത്തെ റീച്ച് സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി 23.25 കോടി രൂപയും ഉൾപ്പെടെ മൊത്തം 116.25 കോടി രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകുകയുണ്ടായി. ഇതിൽ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയ മൂന്ന് റീച്ചുകളിൽ ചാനൽ ഫോർമേഷൻ പൂർത്തിയായിട്ടുണ്ട്. സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന 5-ാമത്തെ റീച്ചിന്റെ 25% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ്-ആർ.ഐ.ഡി.എഫ് 17-ൽ ഉൾപ്പെട്ട ഒന്നാമത്തെ റീച്ചിൽ 20% പണികൾ പൂർത്തീകരിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഫോർക്ലോസ് ചെയ്തു.

(ബി) വടകര-മാഹി കനാലിനു കുറുകെ 6 റോഡ്-മേൽപാലങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിൽ മൂന്ന് പാലങ്ങൾ നിർമ്മിക്കുന്നതിനായുള്ള 29.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കനാലിനു കുറുകെ ആറ് നടപ്പാലങ്ങൾക്കായുള്ള 5.73 കോടി രൂപയുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമായ പാലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1.	പറമ്പിൽ	..	995 ലക്ഷം
2.	കല്ലേരി	..	970 ലക്ഷം
3.	കന്നിനട	..	10.10 കോടി
4.	6 സ്റ്റീൽ നടപ്പാലങ്ങൾ	..	573 ലക്ഷം

സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

164 (853) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം ജോലികളാണ് ഇനി ബാക്കിയുള്ളതെന്നും എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി 2016 മാർച്ചിൽ കമ്മീഷൻ ചെയ്യുമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നൽകിയ ഉറപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 90% പൂർത്തിയായി. കൈലാസംകുന്ന് ടാങ്കിന്റെയും ജലശുദ്ധീകരണശാലയുടെയും സോൺ (2), (3)-ന്റെ ജലവിതരണ ശൃംഖലയുടെയും തട്ടത്തുമല സബ് 20 പമ്പ് ഹൗസിന്റെയും സോൺ 1-ലെ ജലവിതരണ ശൃംഖല പി.വി.സി. പൈപ്പുകളുടെയും പണികൾ പൂർത്തിയായി. ബാക്കിയുള്ള പണികൾ പുരോഗമിച്ചുവരുന്നു.

(ബി&സി) കാരേറ്റ്, തട്ടത്തുമല, ഇരട്ടിച്ചിറ എന്നിവിടങ്ങളിലെ ട്രാൻസ്ഫോർമർ ബിൽഡിംഗിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ട്രാൻസ്ഫോർമർ, പമ്പ് മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. സോൺ 1-ൽ ബാക്കിയുള്ള 3300 മീറ്റർ പൈപ്പ് ലൈനിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ഇരട്ടിച്ചിറ മുതൽ കിളിമാനൂർ ജംഗ്ഷൻ വരെയുള്ള പൈപ്പ് ലൈനിന്റെ ബാക്കിയുള്ള 300 മീറ്റർ പണി പുരോഗമിച്ചുവരുന്നു. 2016 മാർച്ചിലാണ് കമ്മീഷൻ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

ജലാശയ മലിനീകരണം

165 (854) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളും തോടുകളിലും കോളി ഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജലാശയങ്ങളിലെ മലിനീകരണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കുടിവെള്ള പദ്ധതികളെ ദോഷകരമായി ബാധിക്കുന്ന കോളിഫോം ബാക്ടീരിയയുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly